**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **12-02-2024 - ൽ മറുപടിയ്ക്ക്**

**കാക്കനാട് മെട്രോ ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാക്കനാട് മെട്രോ ടൗൺഷിപ്പിന് വേണ്ടി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും പ്രസ്തുത പദ്ധതിക്കായി എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് നൽകിയ ഭരണാനുമതി പ്രകാരം പ്രൊപ്പർട്ടി ഡവലപ്പ്മെന്റ് ഇനത്തിൽ 98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ടൗൺഷിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പേരിൽ പതിച്ചു നൽകിയ പൊതുമരാമത്ത് വക 17.430 ഏക്കർ സ്ഥലത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, 14 ഏക്കർ സ്ഥലം കൂടി മെട്രോ റെയിൽ ലിമിറ്റഡിന് പതിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ടൗൺഷിപ്പ് നിർമ്മാണത്തിനായി അതിന്റെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | തയ്യാറാക്കിയിട്ടില്ല. |
| (സി) | ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും ഇത് എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത എൻ.ജി.ഒ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള പ്രദേശം നിലവിൽ കാടുപിടിച്ച് മാലിന്യം തള്ളൽ കേന്ദ്രങ്ങളായും ലഹരി മാഫിയകളുടെ പ്രവർത്തന മേഖലയായും മാറിയിരിക്കുന്നത് പൊതുജനങ്ങളുടെ സൈ്വര ജീവിതത്തിന് ഭീഷണി ആയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങൾ വൃത്തിയാക്കി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) | ഈ പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി നിലവിൽ വേലി കെട്ടി തിരിച്ചിട്ടുണ്ട്. കൂടാതെ, മാലിന്യം തള്ളുന്നവരേയും/സാമൂഹ്യ വിരുദ്ധരേയും തിരിച്ചറിയുന്നതിനായി സി.സി.ടി.വി ക്യാമറ ഉപയോഗിച്ച് നിരീക്ഷണം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.<br>നിലവിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുവാനായി ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തിനനുസരിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തൃക്കാക്കര മുനിസിപ്പാലിറ്റിയെ സമീപിച്ചിട്ടുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ